**ഭരണഭാഷ-മാതൃഭാഷ**

ടെലി : 0471-2302655, 2303654
**അമാൽഗമേറ്റഡ് ഫണ്ട്, സൈനിക ക്ഷേമ ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം -33**

ഡി-3/11469/2019/ഡി.എസ്.ഡബ്ല്യു    തീയതി : തിരുവനന്തപുരം, 30 ഡിസംബർ 2019

## സർക്കുലർ

വിഷയം: അമാൽഗമേറ്റഡ് ഫണ്ട് വിമുക്തഭടന്മാരുടെ മക്കൾക്ക് 2020-21 ലെ മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിന് സാമ്പത്തിക സഹായം - അപേക്ഷ പ്രോസസ് ചെയ്യുന്നത് സംബന്ധിച്ച് - മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

വിമുക്തഭടന്മാരുടെ മക്കൾക്ക് 2020-21ലെ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള അപേക്ഷ പ്രോസസ് ചെയ്യുന്നത് സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ കോച്ചിംഗിന് ആറ് മാസത്തിൽ കുറയാത്ത കാലയളവിൽ പങ്കെടുക്കുകയും, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷ എഴുതുകയും ചെയ്ത വിമുക്തഭടന്മാരുടെ മക്കൾക്ക് സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാവുന്നതാണ്. വരുമാന പരിധി ഇല്ല. കോച്ചിംഗ് നടത്തുന്ന സ്ഥാപനത്തിന്റെ മേധാവിയുടെ പരീക്ഷാ കോച്ചിംഗ് കാലയളവ് സൂചിപ്പിക്കുന്ന സാക്ഷ്യപത്രവും, ഫീസടച്ചതിന്റെ ഒറിജിനൽ രസീതും ഉള്ളടക്കം ചെയ്യണം. സാമ്പത്തിക സഹായം അർഹതയുള്ള ഗുണഭോക്താവിന് ആയത് ലഭിക്കുന്നു എന്നുറപ്പു വരുത്താൻ, ഫീസ് രസീത്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവ പരിശോധിച്ച് എൻട്രൻസ് പരീക്ഷാ കോച്ചിംഗിന് പങ്കെടുത്ത കാലയളവുമായി യോജിക്കുന്നുണ്ടെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

2) പ്രായം ഇരുപത്തിയഞ്ചു കഴിഞ്ഞ/വിവാഹിതരായ/തൊഴിലുള്ള കുട്ടികൾ, എന്നിവർ സാമ്പത്തിക സഹായത്തിന് അർഹരല്ല.

3) സാമ്പത്തിക സഹായം മെഡിക്കൽ അല്ലെങ്കിൽ എഞ്ചിനീയറിംഗ്, ഇവയിൽ ഏതെങ്കിലും ഒന്നിനേ ലഭിക്കൂ. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് ഒരുമിച്ച് കിട്ടിയ കോച്ചിംഗ് ഒറ്റ കോഴ്സായി കണക്കാക്കും. ഒരു വിദ്യാർത്ഥിക്ക് സാമ്പത്തിക സഹായം ഒരു പ്രാവശ്യമെന്ന് പരിമിതപ്പെടുത്തിയിട്ടുണ്ട്.

4) സാമ്പത്തിക സഹായം ₹. 9,000/- (ഒമ്പതിനായിരം രൂപാ മാത്രം) ആണ്. ബജറ്റിൽ വകയിരുത്തിട്ടുള്ള ഫണ്ടിന്റ ലഭ്യത കണക്കിലെടുത്ത് അപേക്ഷകരുടെ എണ്ണം കൂടുതലാണെങ്കിൽ, എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിലെ മാർക്ക്/ഗ്രേഡ് അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കും.

5) അർഹരായ അപേക്ഷകർക്കനുവദിച്ച സാമ്പത്തിക സഹായം വിമുക്തഭടന്/നിയമപ്രകാരമുള്ള രക്ഷകർത്താവിന്, ജില്ലാ സൈനിക ക്ഷേമ ഓഫീസർ മുഖേന നൽകും.

6) എൻട്രൻസ് പരീക്ഷാ കമ്മിഷണർ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം. തിരിച്ചറിയൽകാർഡ് ഇന്റർനെറ്റ് വഴി എടുത്തിട്ടുള്ളതാണെങ്കിൽ , അതിന്റെ സാധുത ജില്ലാ സൈനിക ക്ഷേമ ഓഫീസർ ഇന്റർനെറ്റ് വഴി ഒത്തുനോക്കി ഉറപ്പു വരുത്തേണ്ടതാണ്.

7) പൂരിപ്പിച്ച അപേക്ഷ (അപേക്ഷ അനുബന്ധമായി തന്നിരിക്കുന്ന മാതൃകയിൽ രണ്ടു പകർപ്പിൽ അതിൽ ഒരെണ്ണം ഡയറക്ടറേറ്റിൽ സൂക്ഷിക്കും) സ്വീകരിക്കുന്നവേളയിൽ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, പരിശോധിച്ച് അനുബന്ധ രേഖകളും എല്ലാം ശരിയായി പൂരിപ്പിച്ചിട്ടുണ്ടെന്നുറപ്പു വരുത്തേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഒത്തുനോക്കി, അപേക്ഷയുടെ സത്യസന്ധത ഉറപ്പുവരുത്തേണ്ടതാണ്. ഡിസ്ചാർജ്ജ് ബുക്ക്, പെൻഷൻ പേമെന്റ് ഓർഡർ ഇവ കൂടി പരിശോധിക്കേണ്ടതാണ്. അപേക്ഷകൾ ഒരുമിച്ച്, 2020 മെയ് മാസം പതിനഞ്ചാം തീയതിക്കുമുമ്പായി ഡയറക്ടറേറ്റിലെത്തക്കവിധം അയയ്ക്കേണ്ടതാണ്. അപേക്ഷകരുടെ ലിസ്റ്റ് (രണ്ടു പകർപ്പ്) കൂടി അയയ്ക്കേണ്ടതാണ്. മുഴുവൻ അപേക്ഷകളും അനുബന്ധ രേഖകളും ക്രമ നമ്പർ ഒന്നുമുതൽ അവസാനത്തെ നമ്പർ വരെ ഒരുമിച്ച് കോഴ്സടിസ്ഥാനത്തിൽ അയയ്ക്കേണ്ടതാണ്. സാമ്പത്തിക സഹായം അർഹതയുള്ള ഗുണഭോക്താവിന് ലഭിക്കുന്നു എന്നുറപ്പു വരുത്താൻ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ, പെൻഷൻ പേമെന്റ് ഓർഡർ പ്രകാരമുള്ള വരുമാനം കൂടി വരുമാന സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന്, പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

8) <u>ഉള്ളടക്കം ചെയ്യേണ്ട അനുബന്ധ രേഖകൾ</u>

എ) പൂരിപ്പിച്ച അപേക്ഷ, ജില്ലാ സൈനികക്ഷേമ ഓഫീസർ, ശുപാർശ ചെയ്തത്. (രണ്ടു പകർപ്പ്-അതിൽ ഒരെണ്ണം ഡയറക്ടറേറ്റിൽ സൂക്ഷിക്കും)

ബി) കോച്ചിംഗ് സെന്റർ മേധാവിയുടെ സാക്ഷ്യപത്രവും, അസ്സൽ (ഒറിജിനൽ) ഫീസ് രസീതും

സി) എൻട്രൻസ് പരീക്ഷാ കമ്മീഷണർ നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (തിരിച്ചറിയൽ കാർഡ് ഇന്റർനെറ്റ് വഴി എടുത്തിട്ടുള്ളതാണെങ്കിൽ, അതിന്റെ സാധുത ജില്ലാ സൈനികക്ഷേമ ഓഫീസർ ഇന്റർനെറ്റ് വഴി ഒത്തുനോക്കി ഉറപ്പു വരുത്തേണ്ടതാണ്).

ഇ) വിമുക്തഭട തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

എഫ്)എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിലെ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. സർട്ടിഫിക്കറ്റിൽ മാർക്ക്/ഗ്രേഡ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യണം.

ജി) പൂരിപ്പിച്ച അപേക്ഷ ജില്ലാ സൈനിക ക്ഷേമ ഓഫീസർ, പരിശോധിച്ച് അപേക്ഷന്/ അപേക്ഷകയ്ക്ക്, സാമ്പത്തിക സഹായത്തിനർഹതയുണ്ടെന്ന് അപേക്ഷാഫാമിൽ ശുപാർശ ചെയ്യേണ്ടതാണ്.

ഐ) അപേക്ഷകളും അനുബന്ധരേഖകളും ഒരുമിച്ച്, 2020 മെയ് മാസം, പതിനഞ്ചാം തീയതിക്കു മുമ്പായി ഡയറക്ടറേറ്റിലെത്തത്തക്കവിധം അയയ്ക്കേണ്ടതാണ്. അപേക്ഷകരുടെ ലിസ്റ്റ് (നോമിനൽ റോൾ - രണ്ട് പകർപ്പ്) കൂടി അയയ്ക്കേണ്ടതാണ്. മുഴുവൻ അപേക്ഷകളും അനുബന്ധ രേഖകളും കോഴ്സടിസ്ഥാനത്തിൽ ക്രമനമ്പർ ഒന്നുമുതൽ അവസാനത്തെ നമ്പർ വരെ ഒരുമിച്ച്, അയയ്ക്കേണ്ടതാണ്.

9. 22/01/2016 തീയതിയിലെ ഡി-3/0542/2016/ഡി.എസ്.ഡബ്ല്യു നമ്പരായ സർക്കുലർ, ഈ സർക്കുലർ തീയതി മുതൽ റദ്ദാക്കുന്നു.

സൈനിക ക്ഷേമ ഡയറക്ടർ &
അമാൽഗമേറ്റഡ് ഫണ്ട് സെക്രട്ടറി

<u>വിതരണം</u>

1. എല്ലാ ജില്ലാ സൈനിക ക്ഷേമ ഓഫീസർമാർക്കും
2. ഡി-1, 3. സ്റ്റോക്ക്, 4. ഓഫീസ് കോപ്പി. 5. വെബ് സെക്ഷൻ (വെബ് സൈറ്റിൽ കൊടുക്കാൻ)